(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് മാർക്കറ്റിൽ തോന്നുംപോലെ വ്യാപാരികൾ വില നിശ്ചയിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് നയപരമായ എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ;

(സി) നിത്യോപയോഗ സാധനങ്ങൾക്ക് പൊതുമാർക്കറ്റ് റേറ്റ് നിശ്ചയിക്കുവാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) അത്യാവശ്യ സാധന വിപണനവുമായി ബന്ധപ്പെട്ട പല ലൈസൻസിങ്ങ് ഉത്തരവുകളും ഇപ്പോൾ നിലവിലില്ല. ആയതിനാൽ അവയ്ക്ക് ഒരു പൊതുവില നിശ്ചയിക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് സാധാരണക്കാർക്ക് ആവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ 1943 ചില്ലറ വിൽപ്പനശാലകളിലൂടെ ഓരോ മാസവും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ആവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു.

ഗുണനിലവാരമുള്ള അരി വിതരണം ചെയ്യുന്നതിന് നടപടി

231 [1177] *ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റേഷൻകടകളിൽ ഉപയോഗശൂന്യമായ താണതരം അരിയാണ് വിതരണം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ലയിൽമാത്രം ഇത്തരം അരി വിതരണത്തിനെത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സർക്കാരിലേക്ക് പരാതി ലഭിച്ചിട്ടുണ്ടോ; നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജില്ലയിൽ ഗുണനിലവാരമുള്ള അരി വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഈ വകുപ്പിൽ ഇത്തരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) എഫ്. സി. ഐ. യുടെ ഡിപ്പോമാനേജർ, എഫ്. സി. ഐ. യുടെ ക്വാളിറ്റി കൺട്രോളർ, ജില്ലാ സപ്ലൈആഫീസർ എന്നിവർ സംയുക്തമായി പരിശോധിച്ച് അരിയുടെ ഗുണമേന്മ ഉറപ്പുവരുത്തിയതിനുശേഷമാണ് വിതരണം ചെയ്യേണ്ട അരി പൊതുവിതരണത്തിനായി എത്തിക്കുന്നത്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യരുതെന്ന് സിവിൽസപ്ലൈസ് ഉദ്യോഗസ്ഥർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

റേഷൻ കടകളോടനുബന്ധിച്ചുള്ള ശബരി സ്റ്റോറുകൾ

232 [1180] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. മമ്മൂട്ടി:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളോടനുബന്ധിച്ച് ശബരി സ്റ്റോറുകൾ അനുവദിച്ച് തുടങ്ങിയോ;

(ബി) എങ്കിൽ ഇതിനുവേണ്ടി റേഷൻകടകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ്;

(സി) എല്ലാജില്ലകളിലും ഇപ്രകാരം ശബരി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) മറ്റ് ജില്ലകളിൽ എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശബരി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ബി) സ്ഥലസൗകര്യം, വിപണനസാദ്ധ്യത, റേഷൻകാർഡുകളുടെ എണ്ണം, റോഡ് സാമീപ്യം, കോർപ്പറേഷന്റെ ഏറ്റവും അടുത്തുള്ള വിൽപ്പനശാലയിൽ

LIBRARY ARCHIVES Kerala Legislative Assembly